**കേരള എക്സൈസ് വകുപ്പ്.**

**"മാതൃഭാഷ-മലയാളം"**
**ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം**
**(ഹാജർ :രാധാകൃഷ്ണൻ B )**

വിഷയം : അബ്കാരി- 2025-26 വർഷത്തേക്ക് ദക്ഷിണ മേഖലയിലെ വില്പന നടന്നിട്ടില്ലാത്ത/പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ പന്ത്രണ്ടാം ഘട്ട ഓൺലൈൻ വില്പന /പുനർവില്പന നടപടികളുടെ സമയക്രമം നിജപ്പെടുത്തി ഉത്തരവാകുന്നത്- സംബന്ധിച്ച്

പരാമർശം: 1. 06.06.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023/നികുതി വകുപ്പ്(SRO നമ്പർ 654/2023)

2. 04.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 115/2023/നികുതി വകുപ്പ് (05.09.2023 തീയതിയിലെ SRO നമ്പർ 942/2023)

3. 15.09.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/നികുതി വകുപ്പ് (15.09.2023 തീയതിയിലെ SRO നമ്പർ 980/2023)

4. എക്സൈസ് കമ്മീഷണറുടെ 13.06.2025 തീയതിയിലെ EXC/3053/2024-XA1 നമ്പർ കത്ത്.

**നമ്പർ. EXC-SZ/406/2023-SZ3 തീയതി: 16-06-2025**

മേൽ പരാമർശം (1). (2), (3) സർക്കാർ ഉത്തരവുകളുടെയും പരാമർശം (4) മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 2025-26 കാലയളവിലേക്ക് പതിനൊന്നാം ഘട്ടത്തിൽ വില്പന നടന്നിട്ടില്ലാത്ത കള്ളുഷാപ്പുകളുടെ 50% റെന്റൽ 100% അധിക റെന്റൽ തുകയുള്ള ഓൺലൈൻ വിൽപ്പനയുടെ ഭാഗമായി അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടി സമയക്രമം താഴെ പറയും പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

**<u>അപേക്ഷ സമർപ്പിക്കൽ</u>**

One Time Registration നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റേഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ 17.06.2005 മുതൽ 18.06.2005 അർദ്ധരാത്രി 24.00 മണി വരെ Online മുഖേന അപേക്ഷകൾ സമർ പ്പിക്കാവുന്നതാണ്. അതോടൊപ്പം ബന്ധപ്പെട്ട റെയിഞ്ച്/ ഗ്രൂപ്പുകളുടെ 50% റെന്റലും 100% അധിക റെന്റലും ചേർന്ന തുക Online Payment ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയ പരിധിക്കു ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**<u>സൂക്ഷ്മ പരിശോധന</u>**

ബന്ധപ്പെട്ട ജില്ല ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഡിവിഷനിൽ online മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 19.06.2025 2 PM ന് മുമ്പായി സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടെയും, മാർഗ്ഗനിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. സൂക്ഷ്മ പരിശോധന സമയം ടി ഗ്രൂപ്പ് കള്ളുഷാപ്പുകൾ വില്പന നടത്തുന്നതിന് നിലവിൽ യാതൊരു തരത്തിലുള്ള തടസങ്ങൾ ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**വില്പന നടപടികൾ**

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അംഗീകരിച്ച് യഥാക്രമം ദക്ഷിണ മേഖല ജോയിന്റ് എക്സൈസ് കമ്മിഷണർക്ക് Online പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കേണ്ടതാണ്. 20.06.2025 തിയതിയിൽ രാവിലെ 11 AM മുതൽ താഴെ പറയുന്ന ക്രമത്തിൽ റേഞ്ച്/ഗ്രൂപ്പ് അടിസ്ഥാനത്തിൽ, Online മുഖേന വിൽപ്പന നടത്തി വിജയിയെ ജോയിന്റ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ്. സാങ്കേതികമായ കാരണങ്ങൾ മൂലം വിൽപ്പന നടപടികളിൽ തടസ്സം ഉണ്ടായാൽ സമയ ക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് പരാമർശം ഉത്തരവുകളിലും മാർഗ്ഗനിർദേശങ്ങളിലും പറയുന്ന വിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടികൾ (Youtube(https:// youtube.com/@SouthZone Excise) (ലിങ്ക് e- toddy വെബ്സൈറ്റിൽ ലഭ്യമാണ് ) കൂടി വീക്ഷിക്കാവുന്നതാണ്

**തിരുവനന്തപുരം ഡിവിഷൻ**

| ക്രമ നമ്പർ | സർക്കിൾ | റേഞ്ച് | ഗ്രൂപ്പ് | വില്പന നടക്കുന്ന തീയതി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | III | 20.06.2025 |
| 2 | തിരുവനന്തപുരം | തിരുവനന്തപുരം | IV | 20.06.2025 |
| 3 | തിരുവനന്തപുരം | കഴക്കൂട്ടം | I | 20.06.2025 |
| 4 | നെടുമങ്ങാട് | നെടുമങ്ങാട് | I | 20.06.2025 |
| 5 | നെടുമങ്ങാട് | ആര്യനാട് | I | 20.06.2025 |
| 6 | നെടുമങ്ങാട് | വാമനപുരം | II | 20.06.2025 |
| 7 | ആറ്റിങ്ങൽ | ചിറയിൻകീഴ് | I | 20.06.2025 |
| 8 | ആറ്റിങ്ങൽ | ചിറയിൻകീഴ് | II | 20.06.2025 |
| 9 | ആറ്റിങ്ങൽ | കിളിമാനൂർ | I | 20.06.2025 |
| 10 | വർക്കല | വർക്കല | III | 20.06.2025 |

**കൊല്ലം ഡിവിഷൻ**

| ക്രമ നമ്പർ | സർക്കിൾ | റേഞ്ച് | ഗ്രൂപ്പ് | വില്പന നടക്കുന്ന തീയതി |
|---|---|---|---|---|
| 1 | കൊല്ലം | കൊല്ലം | II | 20.06.2025 |
| 2 | കൊല്ലം | കൊല്ലം | V | 20.06.2025 |
| 3 | കൊല്ലം | കൊല്ലം | VIII | 20.06.2025 |
| 4 | കൊട്ടാരക്കര | ചടയമംഗലം | I | 20.06.2025 |
| 5 | കൊട്ടാരക്കര | ചടയമംഗലം | II | 20.06.2025 |
| 6 | കൊട്ടാരക്കര | ചടയമംഗലം | III | 20.06.2025 |
| 7 | കൊട്ടാരക്കര | ചടയമംഗലം | IV | 20.06.2025 |
| 8 | കൊട്ടാരക്കര | കൊട്ടാരക്കര | III | 20.06.2025 |
| 9 | കൊട്ടാരക്കര | കൊട്ടാരക്കര | IV | 20.06.2025 |

**ആലപ്പുഴ ഡിവിഷൻ**

| ക്രമ നമ്പർ | സർക്കിൾ | റേഞ്ച് | ഗ്രൂപ്പ് | വില്പന നടക്കുന്ന തീയതി |
|---|---|---|---|---|
| 1 | ആലപ്പുഴ | ആലപ്പുഴ | XVI | 20.06.2025 |
| | | | | |

| | | | | |
|---|---|---|---|---|
| 2 | കുട്ടനാട് | കുട്ടനാട് | V | 20.06.2025 |
| 3 | കുട്ടനാട് | കുട്ടനാട് | VII | 20.06.2025 |
| 4 | കുട്ടനാട് | കുട്ടനാട് | X | 20.06.2025 |
| 5 | കുട്ടനാട് | കുട്ടനാട് | XVI | 20.06.2025 |

**പത്തനംതിട്ട ഡിവിഷൻ**

| ക്രമ നമ്പർ | സർക്കിൾ | റേഞ്ച് | ഗ്രൂപ്പ് | വില്പന നടക്കുന്ന തീയതി |
|---|---|---|---|---|
| 1 | പത്തനംതിട്ട | പത്തനംതിട്ട | I | 20.06.2025 |
| 2 | പത്തനംതിട്ട | പത്തനംതിട്ട | III | 20.06.2025 |
| 3 | തിരുവല്ല | തിരുവല്ല | I | 20.06.2025 |
| 4 | തിരുവല്ല | തിരുവല്ല | III | 20.06.2025 |
| 5 | തിരുവല്ല | തിരുവല്ല | IV | 20.06.2025 |

**കോട്ടയം ഡിവിഷൻ**

| ക്രമ നമ്പർ | സർക്കിൾ | റേഞ്ച് | ഗ്രൂപ്പ് | വില്പന നടക്കുന്ന തീയതി |
|---|---|---|---|---|
| 1 | ചങ്ങനാശേരി | ചങ്ങനാശേരി | II | 20.06.2025 |
| 2 | ചങ്ങനാശേരി | ചങ്ങനാശേരി | V | 20.06.2025 |
| 3 | കോട്ടയം | ഏറ്റുമാനൂർ | II | 20.06.2025 |
| 4 | വൈക്കം | കടുത്തുരുത്തി | I | 20.06.2025 |
| 5 | വൈക്കം | കടുത്തുരുത്തി | V | 20.06.2025 |

RADHAKRISHNAN B
JOINT EXCISE COMMISSIONER

Signed by
Radhakrishnan B
Date: 16-06-2025 16:00:23

പകർപ്പ്: 1, എക്സൈസ് കമ്മീഷണർ (ഉപരി പത്രം സഹിതം)

2.ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ,പത്തനംതിട്ട, കോട്ടയം) (ഡിവിഷനിലെ മുഴുവൻ ഓഫീസിലെയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്)

3.എക്സൈസ് ഇൻസ്പെക്ടർ(IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം, നടപടി ക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

4. ഉത്തരവ് ഫയൽ/കരുതൽ ഫയൽ )

## മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടിക്രമം

**(ഹാജർ: ഷാജി . എസ് .രാജൻ )**
**(അധിക ചുമതല)**

വിഷയം:-അബ്കാരി:- 2023-26 വർഷത്തെ മദ്ധ്യമേഖലയിലെ വില്പന നടന്നിട്ടില്ലാത്ത/ പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളുടെ ഓൺലൈൻ വിൽപ്പന/പുനർവിൽപ്പന സംബന്ധിച്ച് നടപടികളുടെ സമയക്രമം ക്രമപ്പെടുത്തി ഉത്തരവാകുന്നത്-സംബന്ധിച്ച്.

പരാമർശം :- 1) 06.06.2023 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പര് 71/2023/നികുതി വകുപ്പ് (SRO നമ്പർ: 654/2023)
2) 04.09.2023 തിയതിയിലെ സർക്കാര് ഉത്തരവ് നമ്പര് 115/2023/നികുതി വകുപ്പ് (05.09.2023 തിയതിയിലെ SRO നമ്പർ: 942/2023)
3) 15.09.2023 തിയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023/നികുതി വകുപ്പ്.
4) എക്സൈസ് കമ്മീഷണറുടെ 13.06.2025 തീയതിയിലെ EXC/3053/2025-XA1 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ JECCZ/677/2022-CZ3 തിയതി 16.06.2025

മേൽ പരാമർശം 1, 2, 3 സർക്കാർ ഉത്തരവുകളുടെയും പരാമർശം 4 മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 2024-25, 2025-26 കലയളവിലേക്ക് വില്പന നടന്നിട്ടില്ലാത്ത/പ്രിവിലേജ് റദ്ദ് ചെയ്തിട്ടുള്ളതുമായ കള്ളുഷാപ്പുകളുടെ വിൽപ്പന/പുനർവിൽപ്പനയുടെ ഭാഗമായി അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടി സമയക്രമം താഴെ പറയുന്ന പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

<u>One Time Registration</u>

കള്ളുഷാപ്പ് വിൽപ്പനയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈൻ പ്ലാറ്റ്ഫോം ആയ സർവീസ് പ്ലസിൽ "etoddy" മുഖേന One Time Registration നടത്തുവാനോ, പുതുക്കുവാനോ 17.06.2025 തീയതി മുതൽ 18.06.2025 വരെ സാധിക്കുന്നതാണ്. 19.06.205 ന് വേരിഫിക്കേഷൻ നടപടികൾ അവസാനിക്കുതാണ്.

**<u>അപേക്ഷ സമർപ്പിക്കൽ</u>**

"One Time Registration"നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റേഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശത്തിന്റെയും അടിസ്ഥാനത്തിൽ 17.06.2025 മുതൽ 18.06.2025 തീയതി വരെ **"online"** മുഖേന അപേക്ഷകൾ സമർപ്പിയ്ക്കാവുന്നതാണ്. അതോടൊപ്പം റേഞ്ച്/ഗ്രൂപ്പ്കളുടെ പുതുക്കിയ നിരക്കിലുള്ള "Rental and Additional Rental"എന്നിവ **"online payment"**ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയ പരിധിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**സൂക്ഷ്മ പരിശോധന**

എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിൽ online മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 19.06.2025 തീയതി ബന്ധപ്പെട്ട എക്സൈസ് ഡിവിഷനുകളിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടെയും, മാർഗ്ഗ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വിൽപ്പന നടപടികൾ**

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് online പ്ലാറ്റ്ഫോമിലൂടെ സമർപ്പിക്കേണ്ടതാണ്. 20.06.2025 തീയതിയിൽ രാവിലെ 11 AM ന് ആരംഭിച്ച് ഗ്രൂപ്പ്/റേഞ്ച് അടിസ്ഥാനത്തിൽ (നോട്ടിഫിക്കേഷൻ പ്രകാരം) online മുഖേന വിൽപ്പന വിജയിയെ ജോയിൻറ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപിക്കുന്നതാണ്. ആയതിന്റെ സമയക്രമം/ദിവസം ചുവടെ ചേർത്ത് ക്രമീകരിച്ച് കൊണ്ടും ഉത്തരവാകുന്നു. സാങ്കേതികമായ കാരണങ്ങൾ മൂലം വിൽപ്പന നടപടികളിൽ തടസ്സം ഉണ്ടായാൽ സമയ ക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം ഉത്തരവുകളിലും, മാർഗ്ഗനിർദേശങ്ങളിലും പറയുന്ന വിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി Youtube (https://youtube.com/@CentralZoneExcise) (ലിങ്ക് etoddy വെബ് സൈറ്റിൽ ലഭ്യമാണ്)ൽ കൂടി വീക്ഷിക്കാവുന്നതാണ്.

**എറണാകുളം ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | മട്ടാഞ്ചേരി | I | 20.06.2025 |
| 2 | ഞാറയ്ക്കൽ | I | 20.06.2025 |
| 3 | ഞാറയ്ക്കൽ | III | 20.06.2025 |

**തൃശ്ശൂർ ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | തൃശ്ശൂർ | റേഞ്ചിൽ ഉൾപ്പെട്ട എല്ലാ ഗ്രൂപ്പുകളും | 20.06.202 |

**പാലക്കാട് ഡിവിഷൻ**

| ക്രമ നമ്പർ | റേഞ്ച് | ഗ്രൂപ്പ് നമ്പർ | തീയതി |
|---|---|---|---|
| 1 | പാലക്കാട് | XII | 20.06.2025 |
| 2 | നെന്മാറ | VII | 20.06.2025 |
| 3 | ചിറ്റൂർ | I | 20.06.2025 |
| 4 | ചിറ്റൂർ | XV | 20.06.2025 |

എറണാകുളം ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ജിജോയ്, ടി കള്ള് ഷാപ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്ലാറ്റ് ഫോമിലെ നടപടികൾക്ക് ആവശ്യമായ സാങ്കേതിക സഹായം മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസിലെ  ഉദ്യോഗസ്ഥർക്ക് നല്കേണ്ടതാണ്.

ജോയിന്റ് എക്സൈസ് കമ്മീഷണർ
(പൂർണ അധികച്ചുമതല)
മദ്ധ്യമേഖല, എറണാകുളം

ഗ്രാഹകൻ:

ബഹു. എക്സൈസ് കമ്മീഷണർ (ഉപരിപത്രം സഹിതം)
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എറണാകുളം, തൃശ്ശൂർ, പാലക്കാട്)
(ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്)
എക്സൈസ് ഇൻസ്പെക്ടർ (IT സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)
(നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ശ്രീ. ജിജോയ്, സിവിൽ എക്സൈസ് ഓഫീസർ,(നടപടികൾക്കായി)
ഉത്തരവ് ഫയൽ /കരുതൽ ഫയൽ

## കോഴിക്കോട് ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നടപടിക്രമം.

(ഹാജർ: സുഗുണൻ.എം.)

വിഷയം:- അബ്കാരി- 12-ാം ഘട്ട ഇ-ടോഡി വിൽപ്പന -2023-24 മുതൽ 2025-26 വരെയുള്ള കാലയളവിലെ വിൽപ്പന നടക്കാത്തതും, റദ്ദ് ചെയ്തതുമായ ഉത്തരമേഖലയിലെ കള്ളുഷാപ്പുകളുടെ വിൽപ്പന സംബന്ധിച്ച നടപടികളുടെ സമയക്രമം നിജപ്പെടുത്തി -ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:- 1) 06-06-2023 തീയ്യതിയിലെ സർക്കാർ ഉത്തരവ് നമ്പർ 71/2023 നികുതി വകുപ്പ് (SRO-654/2023)

2) GO(P) No. 115/2023/Taxes, dated 4-9-23 (SRO-942/2023, Dtd. 5-9-23)

3) 15-09-2023 തീയ്യതിയിലെ സർക്കാർ ഉത്തരവ് നമ്പർ 126/2023 നികുതി വകുപ്പ്

4) ബഹു. എക്സൈസ് കമ്മീഷണറുടെ 01-10-24 തിയ്യതിയിലെ EXC/855/2024-XA-1part-(4) നമ്പർ കത്ത്.

5) എക്സൈസ് കമ്മീഷണറുടെ 13-06-2025 ലെ EXC/3053/2025-XA1 നമ്പർ കത്ത്.

### ഉത്തരവ് നമ്പർ JECNZ- 376/2024/B തിയ്യതി 15-06-2025

മേൽ പരാമർശം (1)(2)(3)(4) സർക്കാർ ഉത്തരവുകളുടേയും പരാമർശം (5) മാർഗനിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ 2024-25, 2025-26 കാലയളവിലേക്ക് വില്പന നടക്കാത്തതും, പ്രിവിലേജ് റദ്ദ് ചെയ്തതുമായ ഉത്തരമേഖലയിലെ എക്സൈസ് ഡിവിഷനുകളിലെ കള്ള്ഷാപ്പുകളുടെ വില്പന/പുനർ വിൽപനയുടെ ഭാഗമായി അപേക്ഷ സ്വീകരിക്കുന്നത് മുതൽ വിജയിയെ നിർണ്ണയിക്കുന്നത് വരെയുള്ള നടപടികളുടെ സമയക്രമം താഴെപറയും പ്രകാരം ക്രമീകരിച്ച ഉത്തരവാകുന്നു.

**അപേക്ഷ സമർപ്പിക്കൽ**

One time registration നടത്തിയിട്ടുള്ളവർക്ക് എക്സൈസ് റെയിഞ്ച് ക്രമത്തിൽ മേൽ സൂചന ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ 17-06-2025 **മുതൽ** 18-06-2025 തീയ്യതി വരെ Online അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഗ്രൂപ്പുകളുടെ (50%) റെന്റൽ (100%) അഡീഷണൽ റെന്റൽ എന്നിവ ഓൺലൈൻ പെയ്മെന്റ് ചെയ്യേണ്ടതാണ്. നിശ്ചയിച്ച സമയപരിധിക്ക് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. 2024-25 സാമ്പത്തിക വർഷം ഇ-ടോഡി പ്ലാറ്റ് ഫോമിൽ One time registration ചെയ്തിട്ടുള്ളവർക്കോ പുതുക്കിയിട്ടുള്ളവർക്കോ മാത്രമാണ് ഈ ഓൺലൈൻ ലേല നടപടിയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.

**സൂക്ഷ്മ പരിശോധന**

വില്പന നടക്കുന്ന ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ തങ്ങളുടെ ഡിവിഷനിലെ ഓൺലൈൻ മുഖേന ലഭ്യമായ എല്ലാ അപേക്ഷകളും 19-06-25 ന് മുമ്പായി സൂക്ഷ്മപരിശോധന പൂർത്തിയാക്കി മേൽ പരാമർശം ഉത്തരവുകളുടേയും, മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**വില്പന നടപടികൾ**

സൂക്ഷ്മ പരിശോധന പൂർത്തിയാക്കിയ സ്വീകാര്യമായ അപേക്ഷകൾ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അപ്രൂവ് ചെയ്ത് ഉത്തരമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർക്ക് ഓൺലൈൻ പ്ലാറ്റഫോമിലൂടെ സമർപ്പിക്കേണ്ടതാണ്. **20-06-2025 തീയതി 11.00 A.M ന്** ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിൽപ്പന ആരംഭിച്ച് (നോട്ടിഫിക്കേഷൻ പ്രകാരം) ഓൺലൈൻ മുഖേന വില്പന വിജയിയെ ജോയിന്റ് എക്സൈസ് കമ്മീഷണർ താൽക്കാലികമായി പ്രഖ്യാപി

PDF Scanner ACE Scanner

ക്കുന്നതാണ്. ആയതിന്റെ സമയക്രമം/ ദിവസം ചുവടെ ചേർക്കുന്നു. സാങ്കേതികമായ കാരണങ്ങൾ മൂലം വില്പന നടപടികളിൽ തടസമുണ്ടായാൽ സമയക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്. അപേക്ഷകർക്ക് മേൽ പരാമർശം ഉത്തരവുകളിലും, മാർഗ്ഗനിർദ്ദേശങ്ങളിലും പറയുംവിധം താൽക്കാലികമായി വിജയിയെ പ്രഖ്യാപിക്കുന്ന നടപടി Youtube (http://youtube.com@NorthZoneExcise) ൽ കൂടി വീക്ഷിക്കാവുന്നതാണ്.

| ക്രമ നം. | ഡിവിഷൻ | റെയിഞ്ച് | ഗ്രൂപ്പുകളുടെ നമ്പർ | തിയ്യതി |
|---|---|---|---|---|
| 1. | മലപ്പുറം | മലപ്പുറം | II, III | 20-06-2025 |
| | | കാളികാവ് | II, VI | |
| | | തിരൂർ | II, III | |
| | | കുറ്റിപ്പുറം | II | |
| 2 | കണ്ണൂർ | ഇരിട്ടി | III | |
| 3 | കോഴിക്കോട് | കുന്ദമംഗലം | I | |
| | | താമരശ്ശേരി | III, V, VI | |
| | | ബാലുശ്ശേരി | I, II, VI | |
| | | നാദാപുരം | III | |

കോഴിക്കോട് എക്സൈസ് റെയിഞ്ച് ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. റിഷിത്ത് കുമാർ.ടി.വി, കോഴിക്കോട് E&IB ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ ഷിബിൻ.എസ്, എന്നീ ഉദ്യോഗസ്ഥർ ടി കളള് ഷാപ്പ് വിൽപ്പനയുമായി ബന്ധപ്പെട്ട് ഓൺലൈൻ പ്ലാറ്റ്ഫോമിലെ നടപടികൾക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകേണ്ടതാണ്.

**ജോയിന്റ് എക്സൈസ് കമ്മീഷണർ**
**ഉത്തരമേഖല, കോഴിക്കോട്.**

**പകർപ്പ് സമർപ്പിക്കുന്നത് :**
എക്സൈസ് കമ്മീഷണർ (ഉ.പ. സഹിതം)

**പകർപ്പ്:**

1. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എല്ലാം - ഡിവിഷനിലെ മുഴുവൻ ഓഫീസുകളിലേയും നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്.
2. അസി. എക്സൈസ് കമ്മീണർ.ഐ.ബി, കോഴിക്കോട്
3. ഇൻസ്പെക്ടർ (ഐ.ടി. സെൽ, എക്സൈസ് കമ്മീഷണറേറ്റ്, തിരുവനന്തപുരം)- നടപടിക്രമം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
4. എക്സൈസ് ഇൻസ്പെക്ടർ, കോഴിക്കോട്/ഇ ആന്റ് ഐ.ബി
5. ഉത്തരവ് ഫയൽ/കരുതൽ ഫയൽ.

PDF Scanner ACE Scanner